ശ്രീ. എം. മുരളി :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറിസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുഷ്ഠാനകലകളെയും ക്ഷേത്രകലകളെയും പ്രോത്സാഹിപ്പിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) തെയ്യം, തിറ. മുതലായ കലകൾ പഠിപ്പിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയ്ക്ക് ഗവൺമെന്റിൽ നിന്നും എന്തെല്ലാം സഹായം നൽകിവരുന്നു;

(ഡി) ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ തെയ്യം, തിറ മുതലായ കലകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം:

(എഫ്) ഇല്ലാത്തപക്ഷം ഇത്തരം കലകൾ പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഗവൺമെന്റ് ഗ്രാന്റ് ഇൻ-എയിഡ് സ്ഥാപനമായ കേരള ഫോക് ലോർ അക്കാദമി നാടൻ കലകളിൽ ഉൾപ്പെടുന്ന അനുഷ്ഠാനകലകളെ പ്രോത്സാഹിപ്പിക്കുവാൻ നാടൻ കലാസംഘം മുതിർന്ന നാടൻ കലാകാരന്മാരെ ആദരിക്കൽ, അവർക്ക് രോഗചികിത്സ സഹായം നൽകൽ, നാടൻ കലകൾ അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പൻഡ് നൽകൽ, യുവാക്കൾക്ക് നാടൻ കലകളിൽ പരിശീലനം നൽകൽ, ശില്പശാല എന്നീ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ബി)&(സി) കാസർഗോഡ് ജില്ലയിലെ കൊടക്കാട് എന്ന് സ്ഥലത്ത് 'കലാനികേതനം' എന്ന സ്ഥാപനം തെയ്യം പഠിപ്പിക്കുന്നുണ്ട്. ഈ സ്ഥാപനത്തിന് സർക്കാരിൽ നിന്നും യാതൊരു സഹായവും നൽകുന്നില്ല.

(ഡി)&(ഇ) ഇല്ല.

(എഫ്) കേരള ഫോക്‌ലോർ അക്കാദമി, സ്കൂൾ ഓഫ് ഫോക് ആർട്സ് ആന്റ് ക്രാഫ്റ്റ്സ് എന്ന പേരിൽ നാടൻ കലകളും നാടൻ കരവിരുതുകളും പഠിപ്പിക്കുന്ന ഒരു സ്ഥാപനം കണ്ണൂരിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

16 (*300) അന്യസംസ്ഥാനങ്ങളുമായി സാംസ്കാരിക വിനിമയം

ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറിസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളുമായി സാംസ്കാരിക വിനിമയം നടത്തുന്നതു സംബന്ധിച്ച് ഇപ്പോഴുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തു നിന്നും 1998-99 അന്യ സംസ്ഥാനങ്ങളിൽ കലാ പരിപാടി അവതരിപ്പിക്കാൻ എത്ര സംഘങ്ങളെ അയച്ചിട്ടുണ്ട്;

(സി) എന്തെല്ലാം കലാപരിപാടികൾക്കു വേണ്ടിയാണ് സംഘങ്ങളെ അയച്ചിട്ടുള്ളത്;

(ഡി) ഇത്തരം സംഘങ്ങളിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(ഇ) തിരഞ്ഞെടുക്കപ്പെടുന്ന സംഘാംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) അന്തർ സംസ്ഥാന സാംസ്കാരിക വിനിമയ പരിപാടി അനുസരിച്ച് പരിപാടികൾ കേന്ദ്ര സംഗീത നാടക അക്കാദമി മുഖേനയാണ് നടപ്പാക്കുന്നത്.

(ബി) 1998-99 ൽ അരുണാചൽ പ്രദേശിലേക്ക് സാംസ്കാരിക സംഘത്തെ അയയ്ക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും അയയ്ക്കുവാൻ സാധിച്ചില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) അതത് രംഗങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള വ്യക്തികൾ, സംഘടനകൾ എന്നിവയ്ക്കാണ് ഇത്തരം സംഘങ്ങളിൽ അംഗത്വം നൽകുന്നത്.

(ഇ) കേന്ദ്ര സംഗീത നാടക അക്കാദമിയുടെ നിബന്ധന അനുസരിച്ചുള്ള പ്രതിഫലമാണ് നൽകുന്നത്.

17 (*301) ഭൂഗർഭ ജല സർവേ

ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലത്തെപ്പറ്റി എന്തെങ്കിലും സർവേ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) ഇപ്പോൾ സംസ്ഥാനത്തുള്ള ഭൂഗർഭ ജലവിഭവം എത്രമാത്രം വിനിയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഭൂഗർഭജലവിഭവം ജലസേചനത്തിനു വേണ്ടി എത്രത്തോളം പ്രയോജനപ്പെടുത്തുന്നുണ്ട്;

(ഇ) ഭൂഗർഭജലം ഉപയോഗിക്കുന്ന കാര്യത്തിൽ ഒരു ഗ്രൗണ്ട്‌വാട്ടർ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഉണ്ട്. കേരളത്തിലെ ഭൂജലസമ്പത്തിനെക്കുറിച്ച് ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും പഠനങ്ങൾ നടത്തിയിട്ടുണ്ട്. ബ്ലോക്ക് അടിസ്ഥാനത്തിൽ ഭൂജലവിഭവത്തെക്കുറിച്ച് പഠനം നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly